26.9.2016-ലെ ചൂണ്ടിക്കയ മറുപടി.

# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ. 54

26/09/2016-ൽ മറുപടി
നൽകിയത്

## കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ആധുനികവൽക്കരണം

**ചോദ്യം**
ശ്രീ.പി.ഉണ്ണി

**ഉത്തരം**
ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ ആധുനികവൽക്കരിക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | എ) | കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി, ഒറ്റത്തവണ രജിസ്ട്രേഷൻ നടപ്പിലാക്കിയിട്ടുണ്ട്. വിവിധ വകുപ്പുമേധാവികൾക്ക് ഒഴിവുകൾ നിലവിൽ വരുന്ന മുറയ്ക്ക് പി.എസ്.സി.യെ അറിയിക്കുവാൻ കഴിയുന്ന ഓൺലൈൻ വേക്കൻസി റിപ്പോർട്ടിംഗ് സിസ്റ്റം പ്രവർത്തന സജ്ജമായിട്ടുണ്ട്. 1.12.2016 മുതൽ ടി സംവിധാനം പൂർണ്ണതോതിൽ നടപ്പിലാക്കാൻ പി.എസ്.സി. ഉദ്ദേശിക്കുന്നു. പി.എസ്.സി. പെറ്റീഷൻസ് മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ് വെയറിന്റെ വികസനം നടന്നുവരുന്നു. അതുപോലെ വകുപ്പുതല പരീക്ഷ എഴുതുന്നവർക്കായുള്ള ഏകജാലക സംവിധാനത്തിന്റെ സോഫ്റ്റ് വെയർ വികസനവും പുരോഗമിക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് പി.എസ്.സി.വഴി ജോലി നൽകി എന്ന് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 31.08.2016 വരെ 9370 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | പി.എസ്.സി നിയമനങ്ങളിൽ നിലനിൽക്കുന്ന കാലതാമസം ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ? | (സി) | പി.എസ്.സി.യുടെ പരീക്ഷാ നടത്തിപ്പിലെ കാലതാമസം ഒഴിവാക്കുന്നതിലേക്കായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ഓൺലൈൻ പരീക്ഷാ കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയായി പ്രവർത്തന സജ്ജമായിട്ടുണ്ട്. കൂടാതെ വിവിധ തസ്തികകളുടെ റാങ്ക് പട്ടിക തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കമ്പ്യൂട്ടർ അധിഷ്ഠിത രീതി വിജയകരമായി നടന്നു വരുന്നു. ഉദ്യോഗാർത്ഥിയുടെ നിയമന ശിപാർശയുമായി ബന്ധപ്പെട്ട് e-advice pro-യുടെ സോഫ്റ്റ് വെയർ വികസനവും നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**